


# നിത്യജീവൻ നേടാൻ

ബ്ര. അഗസ്റ്റിൻ ഐക്കരക്കുന്നേൽ

Vol. 11, Issue: 60

**ദി**വ്യകാരുണ്യ ഇശോയിൽ സ്നേഹം നിറഞ്ഞവരേ,

പെന്തക്കുസ്തായ്ക്കു ശേഷം പരിശുദ്ധാത്മാവിനാൽ പൂരിതരായ ശ്ലീഹന്മാർ തങ്ങളുടെ ഗുരുവിന്റെ സന്ദേശവുമായി ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ചതിന്റെയും പുതിയ സഭാസമൂഹങ്ങൾക്ക് രൂപം കൊടുത്തതിന്റെയും അനുസ്മരണമാണ് ശ്ലീഹാക്കാലം. ശ്ലീഹന്മാരെപ്പോലെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനുള്ള ആഹ്വാനമാണ് ശ്ലീഹാക്കാലം നമുക്കേവർക്കും നൽകുന്നത്. ശ്ലീഹാക്കാലം മൂന്നാം ഞായറാഴ്ചയായ ഇന്ന് പരിധികളില്ലാത്ത കരുണയുടെ കഥയുമായിട്ടാണ് ഈശോ സുവിശേഷത്തിലൂടെ കടന്നുവരുന്നത്. നല്ല സമരിയാക്കാരന്റെ ഉപമ വിശ്വസാഹിത്യത്തിൽ അതുല്യമായ ഒരു ഇടം കണ്ടെത്തിയ കഥ എന്നതിനേക്കാൾ ക്രൈസ്തവർക്കും അക്രൈസ്തവർക്കും ഒരുപോലെ അറിയാവുന്നതും മനുഷ്യമനസ്സുകളെ പ്രചോദിപ്പിക്കുന്നതുമാണ്.

വി. ലൂക്കാ സുവിശേഷകൻ മാത്രം രേഖപ്പെടുത്തുന്ന ഒരു ഉപമയാണ് നല്ല സമരിയാക്കാരന്റേത്. അതിനാൽ ഈ വചനഭാഗത്തിന്റെ പശ്ചാത്തലം മനസ്സിലാക്കുന്നത് ഉചിതമാണ്. നല്ല സമരിയാക്കാരന്റെ കഥയിലൂടെയും തുടർന്നുവരുന്ന മർത്തായുടെയും മറിയത്തിന്റെയും ജീവിതസംഭവത്തിലൂടെയും അതിനുശേഷം വരുന്ന പ്രാർത്ഥനയെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനത്തിലൂടെയും ഈജിപ്തിലെ വിജാതീയ ക്രിസ്ത്യാനികളോട് വി. ലൂക്കാ സുവിശേഷകൻ പറയുന്നത് നിത്യജീവൻ കരസ്ഥമാക്കാനുള്ള ശിഷ്യത്വത്തെക്കുറിച്ചാണ്. ശിഷ്യത്വം എന്നത് ബന്ധങ്ങളിൽ നിന്ന് ആരംഭിക്കേണ്ടതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം സ്നേഹത്തിൽ ഒന്നായിരിക്കുന്നതുപോലെ നാമും ഈ സ്നേഹത്തിന്റെ ബന്ധത്തിലേയ്ക്ക് വളരേണ്ടിയിരിക്കുന്നു. തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ സ്നേഹിച്ചു. അവസാന തുള്ളി രക്തവും ചിന്തി ഈശോ നമ്മെ സ്നേഹിച്ചു. ഈശോയുടെ ശിഷ്യരായ നാം ഈ സ്നേഹത്തിന്റെ ജീവിതമാണ് നയിക്കേണ്ടത്. ആവശ്യക്കാർക്ക് സഹായമാകാനും യേശുവിന്റെ പാദാന്തികത്തിലിരുന്ന് അവന്റെ വചനം ശ്രവിച്ച് അവന്റെ സ്നേഹശുശ്രൂഷയിൽ പങ്കുചേരാനും

സാധിക്കുമ്പോൾ നാം അവന്റെ ശിഷ്യത്വത്തിൽ പങ്കുപറ്റുന്നവരായിത്തീരും.

ഇന്നേ ദിനം തിരുസഭാ മാതാവ് തിരുവചനത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവസ്നേഹവും പരസ്നേഹവും എങ്ങനെ ജീവിതത്തിൽ പ്രാവർത്തികമാക്കാം എന്നതിനെക്കുറിച്ചാണ്. ഈ കാലഘട്ടത്തിൽ നമ്മിലെ ഭൂരിഭാഗം ആൾക്കാരും ചോദിക്കാൻ വിട്ടുപോകുന്ന ഒരു ചോദ്യമാണ്, സുവിശേഷത്തിൽ നിയമജ്ഞൻ ചോദിക്കുന്നത്: ''നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം?'' നിയമത്തിലധിഷ്ഠിതമായ ഒരു നീതിബോധം രക്ഷ പ്രദാനം ചെയ്യുമെന്ന് വിശ്വസിച്ച ഒരു സമൂഹമാണ് യഹൂദരുടേത്. അതിനാൽ ദൈവത്തോടുള്ള ബന്ധവും സഹോദരങ്ങളോടുമുള്ള ബന്ധവും അവർ ഉടമ്പടിയിലൂടെയും നിയമങ്ങൾക്കനുസരിച്ചുമായിരുന്നു പാലിച്ചത് എന്ന് നിയമാവർത്തന പുസ്തകത്തിൽ നിന്നും നാം വായിച്ചുകേട്ടു. അതിനാൽ എന്തു ചെയ്താൽ നിത്യജീവൻ അവകാശമാക്കുവാൻ കഴിയുമെന്ന ചോദ്യത്തിന് ഉത്തരമായി തന്റെ പ്രവർത്തികൾ കൊണ്ട് നേടിയെടുക്കാവുന്നതാണ് നിത്യജീവൻ എന്ന ചിന്ത സുവിശേഷകൻ നമുക്ക് പറഞ്ഞുതരുന്നു.

പ്രിയമുള്ളവരേ, നിത്യജീവൻ നമ്മുടെ പ്രവർത്തികൾ കൊണ്ട് നേടിയെടുക്കാം. ഭൗതികമായ സമ്പാദ്യങ്ങളെ വെടിഞ്ഞ് നിത്യജീവൻ കരസ്ഥമാക്കണമെങ്കിൽ നമ്മുടെ പ്രവർത്തികളെ ദൈവത്തിലേക്ക് ഉയർത്താം. പുത്രന്റെ സ്നേഹത്തോടും അവന്റെ തീരുമാനങ്ങളോടും നമുക്ക് നന്ദിയോടെ അനുരൂപപ്പെടാം.

നിത്യജീവൻ നേടാൻ നമ്മുടെ മുന്നിലെ ഏക പോംവഴി, ദൈവപ്രീതിക്ക് പാത്രമാകുക എന്നതാണ്. ദൈവപ്രീതി നേടാനുള്ള വഴിയാണ് ഈശോ വചനഭാഗത്തിന്റെ അവസാനം പറഞ്ഞത്: ''നീയും പോയി അതുപോലെ ചെയ്യുക.'' അയൽക്കാരനെ അന്വേഷിച്ചുനടക്കാതെ ഒരു നല്ല അയൽക്കാരനായിത്തീരുക. സമരിയാക്കാരനിലൂടെ വരച്ചുകാണിച്ച യേശുവിന്റെ തന്നെ ഗുണങ്ങളാണ് നാം ഓരോരുത്തരും പ്രകടമാക്കേണ്ടത്. തകർന്നവനോടുണ്ടാകേണ്ട മനസ്സലിവും കരുണയും പ്രകടമാക്കുക, സ്വന്തം ശരീരത്തെ സംരക്ഷിക്കാനായി കരുതിവച്ചിരിക്കുന്ന എണ്ണയും വീഞ്ഞും പണവും സമയവും അദ്ധ്വാനവും ആവശ്യക്കാരനിലേയ്ക്ക് പകരുക. വി. അഗസ്റ്റിൻ നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: ''ദൈവം നമ്മോട് കരുണ കാണിക്കുന്നത് ദൈവത്തിന്റെ തന്നെ കരുണ കൊണ്ടാണ്. പക്ഷേ, നമ്മൾ കരുണ കാണിക്കുന്നത് ദൈവത്തിന്റെ കരുണയാലാണ്, നാം കരുണ കാണിക്കുമ്പോൾ ആ സ്നേഹം പ്രകടമാക്കുക.''

മുറിവേറ്റവന്റെ അടുത്തു ചെല്ലാൻ നമ്മുടെ ഹൃദയം ഇനിയും വളരേണ്ടതുണ്ട്. കാരുണ്യത്തിന്റെ തികവായ ദൈവപുത്രൻ മനുഷ്യനേറ്റ പാപത്തിന്റെ മുറിവ് കണ്ട് സ്വർഗത്തിൽ നിന്ന് ഭൂമിയിലിറങ്ങി. മുറിവുകൾ കണ്ട് അകന്നുമാറുന്ന ദൈവമല്ല നമുക്കുള്ളത്. ഈ ക്രിസ്തുവിന്റെ അനുയായി എന്ന് നമ്മൾ അഭിമാനപുരസ്സരം പറയുന്നുണ്ടെങ്കിൽ ഒന്നുകൂടി ഈശോ യോഹന്നാന്റെ സുവിശേഷം 13-ാം അദ്ധ്യായം 35-ാം വാക്യത്തിലൂടെ നമുക്ക് പറഞ്ഞുതരുന്നുണ്ട്. ''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും.''

വാക്കുകളേക്കാളുപരി പ്രവർത്തിയിലൂടെ താൻ നല്ല സമരിയാക്കാരനാണെന്ന് ആ മനുഷ്യൻ കാണിച്ചുതന്നു. മനുഷ്യമക്കളോടുള്ള സ്നേഹത്തെപ്രതി അവരോടൊത്ത് എന്നും വസിക്കുവാനായി സ്വന്തം ശരീര-രക്തം പകുത്തു നൽകിയ മിശിഹാരഹസ്യങ്ങളെ വിശുദ്ധ കുർബാനയിലെ കൂദാശവചനത്തിൽ നാം അനുസ്മരിക്കുന്നുണ്ട്. മറ്റുള്ളവർക്കുവേണ്ടി വിഭജിക്കപ്പെടാനും ചിന്തപ്പെടാനും തയ്യാറാകുമ്പോൾ, അപരനുവേണ്ടി ജീവിക്കുമ്പോൾ, അപരനുവേണ്ടി സഹിക്കുമ്പോൾ അവിടെ ക്രിസ്തു ജനിക്കുന്നു; ക്രിസ്തുവിന്റെ ഓർമ്മ നിലനിർത്തപ്പെടുന്നു. ഈ ദിവ്യബലിയുടെ സമയത്ത് നല്ല സമറായനെപ്പോലെ അപരന് നല്ല അയൽക്കാരനായി വർത്തിക്കുവാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.